സർട്ടിഫിക്കറ്റ് ഓഫ് എഡ്യൂക്കേഷൻ അല്ലെങ്കിൽ നാവിക/വ്യോമ സേന നൽകുന്ന തദനുരൂപമായ സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള വിമുക്ത ഭടന്മാർ ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കുന്നതിന് അർഹരാണ്.

(iv) താഴെപ്പറയുന്ന തസ്തികകൾക്ക് അടിസ്ഥാന യോഗ്യത കൂടാതെ നല്ല ശാരീരികാരോഗ്യം (Good physique) കൂടി ആവശ്യമാണ്. നല്ല ശാരീരികാരോഗ്യം അധിക യോഗ്യതയായി നിർണ്ണയിച്ചിട്ടുള്ള തസ്തികകളിലെ ഒഴിവുകളിൽ മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ആവശ്യപ്പെടുമ്പോൾ ഹാജരാക്കുന്നവരെ മാത്രമേ പരിഗണിക്കുകയുള്ളൂ. (ഗവൺമെന്റ് സർവ്വീസിൽ അസിസ്റ്റന്റ് സർജനിൽ കുറയാത്ത റാങ്കുള്ള മെഡിക്കൽ ഓഫീസർ നല്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് ആയിരിക്കണം)

1. മേട്രൻ , ബാല മന്ദിർ , കോഴിക്കോട്

2. സാമൂഹ്യ നീതി വകുപ്പിന് കീഴിലുള്ള സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങളിലെ വാച്ച് വുമൺ

3. പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റിലെ ക്ലീനർ, സിവർ ക്ലീനർ (Sewer cleaner)

4. അച്ചടിവകുപ്പിലെ ഗേറ്റ് കീപ്പർ ഗ്രേഡ് II / ലാസ്കർ ഗ്രേഡ് II

(v) താഴെപ്പറയുന്ന തസ്തികകളിൽ വനിത ഉദ്യോഗാർത്ഥികളെ പരിഗണിക്കുകയില്ല.

1. വാച്ച്മാൻ (എല്ലാ വിഭാഗങ്ങളിലുമുള്ളത്), വാച്ചർ, ചൗക്കീദാർ

2. ക്ലീനർ കം കണ്ടക്ടർ

3. ക്ലീനർ (ബോട്ട് ക്ലീനർ, ട്രാക്ടർ ക്ലീനർ, വാൻ ക്ലീനർ, ലോറി ക്ലീനർ, ആംബുലൻസ് ക്ലീനർ)

4. ലാസ്കർ

5. ഗാർഡ്

6. ഗേറ്റ് കീപ്പർ

(vi) ഭിന്നശേഷി വിഭാഗക്കാരെ താഴെപ്പറയുന്ന തസ്തികകൾക്ക് പരിഗണിക്കുന്നതല്ല.

1. വാച്ചർ / നൈറ്റ് വാച്ചർ / വാച്ച്മാൻ / നൈറ്റ് വാച്ച്മാൻ

2. മാർക്കർ (ടെക്നിക്കൽ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുകൾ)

3. റഗുലർ മാർക്കർ (മൃഗ സംരക്ഷണ വകുപ്പ്)

4. ഗേറ്റ് കീപ്പർ ഗ്രേഡ്II , ലാസ്കർ ഗ്രേഡ് II (പ്രിന്റിംഗ് വകുപ്പ്)

5. സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിലെ വാച്ച് വുമൺ

6. ഗാർഡ്

7. ക്ലീനർ കം കണ്ടക്ടർ

8. ക്ലീനർ (ബോട്ട് ക്ലീനർ, ട്രാക്ടർ ക്ലീനർ, വാൻ ക്ലീനർ, ലോറി ക്ലീനർ, ആംബുലൻസ് ക്ലീനർ)

(vii) സാമൂഹിക നീതി വകുപ്പിലെ വാച്ച് വുമൺ തസ്തികയിലേക്ക് വനിതാ ഉദ്യോഗാർത്ഥികൾക്ക് മാത്രമേ നിയമനത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ. സാമൂഹിക നീതി വകുപ്പിലെ വനിതകൾക്കായി സംവരണം ചെയ്തിട്ടുള്ള തസ്തികകൾ ഉൾപ്പെടെ വനിതകൾക്കായി സംവരണം ചെയ്തിട്ടുള്ള എല്ലാ തസ്തികകളിലും ഉദ്യോഗാർത്ഥികളുടെ സമ്മതപത്രം വാങ്ങിയ ശേഷം നിയമന ശിപാർശ നൽകുന്നതാണ്.

(viii) ഹിന്ദു മതവിശ്വാസികളെ മാത്രമെ ഹിന്ദു റിലീജിയസ് & ചാരിറ്റബിൾ എൻഡോവ്മെന്റ് ഡിപ്പാർട്ട്മെന്റിലേയ്ക്ക് പരിഗണിക്കുകയുള്ളൂ.

(ix) കേരള മുൻസിപ്പൽ കോമൺ സർവീസിലെ LGS തസ്തികയുടെ ഒഴിവുകൾ ഈ വിജ്ഞാപനപ്രകാരം ഓരോ ജില്ലയിലേയ്ക്കും തയ്യാറാക്കുന്ന റാങ്കുപട്ടികയിൽ ഉൾപ്പെടുന്ന ഉദ്യോഗാർത്ഥികളിൽ നിന്നും സമ്മതപത്രം വാങ്ങാതെ തന്നെ നികത്തുന്നതാണ്.

(x) ഈ വിജ്ഞാപനപ്രകാരം ലാസ്റ്റ് ഗ്രേഡ് സർവീസസ്സിലെ എല്ലാ ഉദ്യോഗങ്ങൾക്കുമായി പൊതുവായ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഉദ്യോഗാർത്ഥികൾ ഓഫീസ് അറ്റൻഡന്റ് തുടങ്ങിയ തസ്തികകളുടെ പേര് എഴുതാതെ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് എന്നു മാത്രം കാണിച്ച് ഒരു അപേക്ഷ സമർപ്പിച്ചാൽ മതിയാകുന്നതാണ്.

